# പോലീസ് വകുപ്പ്

കേരളം

**No. E2(b)-3693/2017/C**

ജില്ലാ പോലീസ് ഓഫീസ്,
കണ്ണൂർ
spknr.pol@kerala.gov.in
04972763330
തീയതി. 28-06-2017

## ലേലപരസ്യം

കണ്ണൂർ ജില്ല പോലീസ് പോലീസ് മേധാവിയുടെ അധീനതയിലുള്ളതും കണ്ണൂർ സായുധസേനാ വിഭാഗം ഡെപ്യൂട്ടി കമാണ്ടൻറിന്റെ കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുള്ളതുമായ താഴെ പറയുന്ന ഡിപ്പാർട്ടുമെൻറ് വാഹനങ്ങൾ 31/07/17 തിയ്യതി രാവിലെ 11 മണിക്ക് മേൽ പറഞ്ഞ ഓഫീസ് പരിസരത്ത് വച്ച് ദർഘാസ്/ പരസ്യലേലം വഴി വിൽപ്പന നടത്തുന്നതാണ്.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലം ആരംഭിക്കുന്നതിന് 1 മണിക്കൂർ മുമ്പായി മേൽപറഞ്ഞ വാഹനത്തിന്, താഴെ നിശ്ചയിച്ചിരിക്കുന്ന നിരതദ്രവ്യം ഡെപ്യൂട്ടി കമാണ്ടൻറിന്റെ കാര്യാലയത്തിൽ അടച്ച രസീതി കൈപ്പറ്റേണ്ടതാണ്.

| ക്രമ നമ്പർ | വാഹന നമ്പർ | മോഡൽ | നിരതദ്രവ്യം |
|---|---|---|---|
| 1. | KL 01 X 9439 | 2002 Model Mahindra Jeep. | Rs.15,000/- |
| 2. | KL 01 X 9088 | 2002 Model Mahindra Jeep. | Rs.15,000/- |
| 3 | KL 01 AQ 8161 | 2007 Model Invader. | Rs.13,500/- |
| 4 | KL 01 AQ 7175 | 2007 Model Invader. | Rs.13,500/- |
| 5 | KL 01 AQ 4351 | 2007 Model Tavera. | Rs.13, 500/- |
| 6 | KL 01 AA 4829 | 2003 Model Mahindra Jeep. | Rs.15,000/- |
| 7 | KL 01 X 9082 | 2002 Model Mahindra Jeep. | Rs.15,000/- |
| 8 | KL 01 AQ 7180 | 2007 Model Invader. | Rs.13,500/- |
| 9 | KL 01 X 9053 | 2002 Model Mahindra Jeep. | Rs.15,000/- |
| 10 | KL 01 G 1165 | 1995 Model Eicher Bus. | Rs.15,000/- |

മേൽപറഞ്ഞ വാഹനങ്ങളുടെ വിൽപ്പനക്ക് മുദ്ര വെച്ച ദർഘാസുകളും സ്വീകരിക്കുന്നതാണ്. ദർഘാസുകൾ ലേലത്തലേന്ന് 4 PM മണിവരെ ഡെപ്യൂട്ടി കമാണ്ടൻറിൻറെ ആഫീസിൽ സ്വീകരിക്കുന്നതായിരിക്കും. ചട്ടപ്രകാരമുള്ള ദർഘാസിനോടൊപ്പം ഏതെങ്കിലും ദേശസാൽകൃതബാങ്കിൽ നിന്നും കണ്ണൂർ ജില്ലാ പോലീസ് മേധാവിയുടെ പേരിൽ വാങ്ങിയ നിരതദ്രവ്യത്തിനു തുല്യമായ തുകയുടെ ഡിമാൻറ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്. കവറിനു മുകളിൽ "വാഹനങ്ങളുടെ ലേലത്തിനുള്ള ദർഘാസ്" എന്ന് വ്യക്തമായി എഴുതേണ്ടതാണ്. കൂടാതെ വാഹനങ്ങളുടെ രജിസ്റ്റർ നമ്പറുകളും ഇതോടൊപ്പം വ്യക്തമാക്കേണ്ടതാണ്. പരസ്യലേലം കഴിഞ്ഞയുടൻ ബന്ധപ്പെട്ടവരുടെ മുന്നിൽ വെച്ച് ദർഘാസുകൾ തുറക്കുന്നതും, പരസ്യലേലത്തിൽ അഥവാ ദർഘാസിൽ ഏതിലാണോ കൂടുതൽ തുകയുള്ളത് ആയതിന് ലേലം താത്ക്കാലികമായി ഉറപ്പിക്കുന്നതും, ലേലം കൈക്കൊണ്ടയാൾ ലേലം/ദർഘാസ് തുകയുടെ പകുതി സംഖ്യ നിരതദ്രവ്യം കഴിച്ച് ലേലസ്ഥലത്തുവെച്ച് അപ്പോൾ തന്നെ അടച്ച് രശീതി വാങ്ങേണ്ടതാണ്. ബാക്കി തുക നികുതിയുൾപ്പെടെ ലേലം സ്ഥിരപ്പെടുത്തിയ ഉത്തരവ് തീയ്യതി മുതൽ 10 ദിവസത്തിനകം അടച്ചതിന് ശേഷം സ്വന്തം ചിലവിലും, ഉത്തരവാദിത്വത്തിലും വാഹനം നീക്കം ചെയ്യേണ്ടതാണ്.

E2(b)-3693/2017/C

3ca066

ഏതെങ്കിലും കാരണവശാൽ, ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടി-യാൻ അടച്ച സംഖ്യ സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും, ടി-വാഹനം പുനർ ലേലം ചെയ്യുന്നതുമായിരിക്കും. പുനർ ലേലത്തിൽ സർക്കാരിന് ഉണ്ടാവുന്ന നഷ്ടം മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും മറിച്ച് കൂടുതലായി ലഭിക്കുന്ന തുകക്ക് മുൻ ലേലക്കാരന് യാതൊരുവിധ അവകാശമോ അർഹതയോ ഉണ്ടായിരിക്കുന്നതുമല്ല.

ലേലത്തിന് നിശ്ചയിച്ചിരിക്കുന്ന വാഹനങ്ങൾ ലേല തീയ്യതിക്കു മുമ്പുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ ഓഫീസ് പ്രവർത്തന സമയത്ത് തന്നെ ഡെപ്യൂട്ടി കമാണ്ടന്റിന്റെ അനുമതിയോടെ പരിശോധിക്കാവുന്നതാണ്. യുക്തമെന്ന് തോന്നുന്നപക്ഷം യാതൊരു മുന്നറിയിപ്പോ,കാരണമോ കാണിക്കാതെ ലേലം നിർത്തിവെക്കുന്നതിനും, ലേലം/ദർഘാസ് അസ്ഥിരപ്പെടുത്തുന്നതിനും, ലേല നടപടിക്രമങ്ങൾ റദ്ദ് ചെയ്യുന്നതിനും കണ്ണൂർ ജില്ലാ പോലീസ് മേധാവിക്ക് അധികാരമുണ്ടായിരിക്കും. ലേലം സംബന്ധിച്ച് കണ്ണൂർ ജില്ലാ പോലീസ് മേധാവിയുടെ തീരുമാനം അന്തിമ മായിരിക്കും.

ജി ശിവ വിക്രം ഐപിഎസ്
ജില്ലാ പോലീസ് മേധാവി

| | | |
|---|---|---|
| സ്വീകർത്താവ് | : | സംസ്ഥാന പോലീസ് മേധാവി, കേരള, തിരുവനന്തപുരം, അറിവിലേക്കായി (ആവരണക്കത്ത് സഹിതം) |
| പകർപ്പ് | : | എല്ലാ പോലീസ് മേധാവികൾക്കും, പോലീസ് കമ്മീഷണർമാർക്കും അറിവിലേക്കായി . ബറ്റാലിയൻ കമാണ്ടന്റുമാർക്കും, അറിവിലേക്കും പരസ്യത്തിനുമായി. ; പോലീസ് ഇൻസ്പെക്ടർ ജനറൽ, കണ്ണൂർ റെയിഞ്ച്, കണ്ണൂരിന് അറിവിലേക്കായി ആമുഖ കത്ത് സഹിതം. ; സൂപ്രണ്ട്, ഗവ: പ്രസ്സ്, തിരുവനന്തപുരം. ; ഡയറക്ടർ, പബ്ലിക് റിലേഷൻ ഡിപ്പാർട്ട് മെന്റ്. ; പോലീസ് സൂപ്രണ്ട്, എം.ടി, പി. എച്ച്. ക്യു, തിരുവനന്തപുരം. ; ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, എം.ടി, നോർത്ത് സോൺ, കോഴിക്കോടിന് അറിവിലേക്കായി. ; ഡെപ്യൂട്ടി കമാണ്ടന്റ്, അസി.കമാണ്ടന്റ്, എച്ച് ക്യു, മോട്ടോർ ട്രാൻസ്പോർട്ട് ഓഫീസർ, എ.ആർ,ക്യാമ്പ്, കണ്ണൂർ എന്നിവർക്ക് അനന്തരനടപടികൾക്കും , റിപ്പോർട്ടിനുമായി അയക്കുന്നു. ; ഇ2 സ്റ്റോക്ക് ഫയൽ , ; നോട്ടീസ് ബോർഡ്. |